## പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 987.

20.03.2013-ലെ മറുപടിയ്ക്ക്

## കാസർഗോഡ് ഇക്കോ ടൂറിസം പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. പി.ബി.അബ്ദുൾ റസാക്** | **ശ്രീ.എ.പി.അനിൽകുമാർ**<br>(ബഹു. പട്ടികജാതി-പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| (എ) കണ്ടൽകാടുകളാൽ സമൃദ്ധമായ കാസർഗോഡ് കുമ്പള പുഴയോരത്ത് ഇക്കോ ടൂറിസം പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട എന്തെങ്കിലും പദ്ധതി സർക്കാരിന്റെ പരിഗണനയിലുണ്ടോ;<br>(ബി) പ്രസ്തുത ഇക്കോ ടൂറിസം പദ്ധതിയ്ക്കായി കേന്ദ്ര സർക്കാരിന്റെ ധനസഹായം ലഭിച്ചിട്ടുണ്ടോ;<br>(സി) പ്രസ്തുത പദ്ധതിയുടെ നിർവ്വഹണ ചുമതല ആർക്കാണ്; കാലതാമസം കൂടാതെ ഈ പദ്ധതി നടപ്പാക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ? | **(എ)യും (ബി)യും (സി)യും**<br>കാസർഗോഡ് കുമ്പള പുഴയോരത്ത് ഇക്കോ ടൂറിസം പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട ഒരു പദ്ധതി ഗവൺമെന്റിന്റെ പരിഗണനയിലുണ്ടായിരുന്നു. കേന്ദ്ര സർക്കാരിന്റെ ധനസഹായത്തോടെ നടപ്പിലാക്കാൻ ഉദ്ദേശിച്ച പ്രസ്തുത പദ്ധതിക്ക് അനുയോജ്യമായ സ്ഥലം കണ്ടെത്തി ഏറ്റെടുത്തു നൽകാൻ പഞ്ചായത്തിന് സാധിക്കാത്തതിനാൽ പദ്ധതി നടപ്പിലാക്കാൻ കഴിഞ്ഞില്ല. |

സെക്ഷൻ ഓഫീസർ